പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *362 12.05.2017-ൽ മറുപടിക്ക്

## നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതിനു മുമ്പ് സർക്കാർ അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. കെ. മുനീർ<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ.എം. ഷാജി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ജില്ലാ ഭരണകൂടം അടിയന്തരഘട്ടങ്ങളിൽ സി.ആർ.പി.സി. സെക്ഷൻ 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിക്കുംമുമ്പ് സർക്കാർ അനുമതി തേടേണ്ടതുണ്ടോ; സർക്കാരിന് ഇത് സംബന്ധിച്ച് മുൻകൂർ അറിയിപ്പ് നൽകേണ്ടതുണ്ടോ;<br><br>(ബി) അത്തരത്തിൽ അനുമതി തേടുകയോ മുൻകൂർ അറിയിപ്പ് നൽകാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ നിരോധനാജ്ഞ പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും തരത്തിലുള്ള ശിക്ഷണ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ നിയമപ്രകാരം സ്വീകരിക്കാവുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും അടിയന്തരഘട്ടങ്ങളിൽ സി.ആർ.പി.സി സെക്ഷൻ 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിക്കും മുമ്പ് സർക്കാർ അനുമതി തേടേണ്ടതില്ല. സെക്ഷൻ 144 പ്രകാരം ജില്ലാ മജിസ്ട്രേറ്റിനോ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിനോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനോ അടിയന്തിര സാഹചര്യങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിക്കാവുന്നതാണ്. എന്നാൽ അത്തരം ഘട്ടങ്ങളിൽ ക്രമസമാധാന പരിപാലകരെന്ന നിലയിൽ ബന്ധപ്പെട്ട പോലീസ് അധികാരികളുമായി കൂടിയാലോചിക്കുകയോ ബന്ധപ്പെടുകയോ ചെയ്തശേഷം നിരോധനാജ്ഞ പുറപ്പെടുവിക്കുന്ന കീഴ് വഴക്കമാണ് പൊതുവിൽ നിലനിൽക്കുന്നത്. നിരോധനാജ്ഞ നടപ്പിലാക്കേണ്ട ചുമതല പോലീസിനാണ് എന്നതുകൂടിയാണ് ഇതിന് കാരണം. |

(സി) നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യം സന്ദർഭോചിതമായി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥനെ അതിന്റെ പേരിൽ ഭീഷണിപ്പെടുത്തുന്നുവെങ്കിൽ അതിനെതിരെ ആ ഉദ്യോഗസ്ഥന് നിയമപ്രകാരം സ്വയരക്ഷയ്ക്ക് എന്ത് നടപടി സ്വീകരിക്കാനാവും എന്ന് വിശദമാക്കുമോ?

(സി) നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യം നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥനെ മനപ്പൂർവമായി തടസ്സപ്പെടുത്തുന്ന സന്ദർഭങ്ങളിൽ ഇൻഡ്യൻ പീനൽ കോഡിലെ സെക്ഷൻ 186 പ്രകാരമുള്ള നിയമപരിരക്ഷ ഉണ്ടായിരിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**